# ചങ്ങാതിക്കുടുക്ക

*പ്രളയദുരന്തം അനുഭവിക്കുന്ന കേരളത്തിലെ കൂട്ടുകാർക്ക്*
*മലയാളം മിഷൻ വിദ്യാർഥികളുടെ കൈത്താങ്ങ്*

കേരളം നേരിട്ട മഹാപ്രളയദുരന്തത്തിൽ നിരവധി കുട്ടികൾക്ക് വീടും സ്വത്തും പുസ്തകങ്ങളും പഠനോപകരണങ്ങളും നഷ്ടമായിരുന്നു. ഈ സാഹചര്യത്തിൽ, കേരളത്തിലെ തങ്ങളുടെ കൂട്ടുകാർക്കായി ഓരോ മലയാളം മിഷൻ വിദ്യാർഥിയും ശേഖരിക്കുന്ന സഹായനിധിയാണ് 'ചങ്ങാതിക്കുടുക്ക'. ഡിസംബർ 31 വരെ നിണ്ടുനിൽക്കുന്ന 'ചങ്ങാതിക്കുടുക്ക' ധനശേഖരണത്തിൽ ഓരോ മലയാളം മിഷൻ വിദ്യാർഥികളുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

**എന്താണ് ചങ്ങാതിക്കുടുക്ക ?**

* പ്രളയദുരന്തം അനുഭവിക്കുന്ന കേരളത്തിലെ കൂട്ടുകാർക്ക് മലയാളം മിഷൻ വിദ്യാർഥികളുടെ കൈത്താങ്ങാണ് ചങ്ങാതിക്കുടുക്ക.

* ചങ്ങാതിക്കുടുക്ക തയ്യാറാക്കുന്നതിനായി കുട്ടികൾക്ക് പണം നിക്ഷേപിക്കാവുന്ന മൺകുടുക്ക, ചെറിയ വഞ്ചി, മൂടിയുള്ള പാത്രം തുടങ്ങിയവ തെരഞ്ഞെടുക്കാം.

* ഇതിന് മുകളിൽ ഭംഗിയായി 'ചങ്ങാതിക്കുടുക്ക' എന്നും കുട്ടിയുടെ പേരും പഠനകേന്ദ്രവും എഴുതണം.

* പ്രളയദുരിതം അനുഭവിക്കുന്ന കൂട്ടുകാരെ സഹായിക്കാനുള്ള മനസ് കൂടി ചേർത്താൽ ചങ്ങാതിക്കുടുക്ക തയ്യാർ..!

**എങ്ങനെയാണ് പണം ശേഖരിക്കേണ്ടത് ?**

* ചങ്ങാതിക്കുടുക്കയിൽ കുട്ടികൾക്ക് കഴിയുന്നവിധം ഇടയ്ക്കിടെ ചെറിയ തുകകൾ -നാണയങ്ങൾ - നിക്ഷേപിക്കണം. ഇന്ത്യയ്ക്ക് പുറത്തുള്ള വിദ്യാർഥികൾക്ക് അവരവർ താമസിക്കുന്ന രാജ്യത്തെ നാണയങ്ങൾ നിക്ഷേപിക്കാം.

* മലയാളം മിഷൻ വിദ്യാർഥികളല്ലാത്ത കൂട്ടുകാരോടും തങ്ങളുടെ വീടുകളിൽ ഒരു ചങ്ങാതിക്കുടുക്ക തുടങ്ങാൻ മലയാളം മിഷൻ വിദ്യാർഥികൾക്ക് ആവശ്യപ്പെടാം.

* 2018 ഡിസംബർ 31 വരെ ചങ്ങാതിക്കുടുക്കയിൽ പണം ശേഖരിക്കാം.

**സഹായനിധി എങ്ങനെയാണ് കേരളത്തിലെ കൂട്ടുകാർക്ക് നൽകുക ?**

* ഡിസംബർ അവസാനം വരെ ശേഖരിച്ചു നിറഞ്ഞ ചങ്ങാതിക്കുടുക്കകൾ ഓരോ വിദ്യാർഥിയും തങ്ങളുടെ പഠനകേന്ദ്രങ്ങളിൽ എത്തിക്കണം.

*പഠനകേന്ദ്രങ്ങളിൽ എത്തിച്ച കുടുക്കകൾ മേഖലാ ഭാരവാഹികൾ സ്വീകരിച്ചശേഷം തുക മലയാളം മിഷനു കൈമാറും.

* പിന്നീട് നിശ്ചയിക്കുന്ന തിയതിയിൽ മലയാളം മിഷൻ വിദ്യാർഥികളുടെ സ്നേഹോപഹാരമായി ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നിക്ഷേപിക്കും.

* മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഈ തുക മലയാളം മിഷൻ വിദ്യാർഥികളുടെ കേരളത്തിലെ കൂട്ടുകാരുടെ പുനരധിവാസത്തിനുവേണ്ടി കൂടി ഉപയോഗിക്കപ്പെടും.